(ഡി) പ്രസ്തുത പഞ്ചായത്തിൽ കല്ലൂർ വടക്കുംമുറി ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ;

(ഇ) എങ്കിൽ ട്രീറ്റ്മെന്റ് പ്ലാന്റ് എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ടാങ്ക് പണിയുന്നതിന് നീക്കിവെച്ചിട്ടുള്ള സ്ഥലത്തിൽ ടെസ്റ്റ് പിറ്റ് എടുത്തത് 2003 മാർച്ച് 18-നാണ്.

(ബി) ടാങ്ക് പണി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പണി 2004 മാർച്ച് മാസത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) കല്ലൂർ വടക്കുംമുറി ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ഇ) ട്രീറ്റ്മെന്റ് പ്ലാന്റ് 2003 ഡിസംബർ മാസത്തിൽ പ്രവർത്തനക്ഷമമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ജലവിഭവ വകുപ്പിൽ നിന്നും തദ്ദേശഭരണ വകുപ്പിലേക്കുള്ള പുനർവിന്യാസം

73 [3216] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ നിന്ന് വിവിധ തസ്തികകളിലായി എത്ര ഉദ്യോഗസ്ഥരെയാണ് തദ്ദേശഭരണ വകുപ്പിലേക്ക് പുനർവിന്യസിപ്പിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ തസ്തികകൾ പുനർവിന്യസിച്ചുകൊണ്ട് തദ്ദേശ ഭരണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം ജലവിഭവ വകുപ്പിൽ നിന്നും ഇനി എത്ര പേർ തദ്ദേശഭരണവകുപ്പിൽ ജോലിയിൽ പ്രവേശിക്കുവാനുണ്ട്;

(സി) ഇങ്ങനെ ജോലിയിൽ പ്രവേശിക്കാതിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 5-2-2001-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 11/2001/ജലവ. പ്രകാരം ജലവിഭവ വകുപ്പിൽ നിന്നും 1857 തസ്തികകൾ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർ വിന്യസിക്കുകയുണ്ടായി. തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് എഞ്ചിനീയർ	..	1
സൂപ്രണ്ടിംഗ് എഞ്ചിനീയർ	..	4
എക്സിക്യൂട്ടീവ് എഞ്ചിനീയർ	..	16
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	..	86
അസിസ്റ്റന്റ് എഞ്ചിനീയർ	..	210
ഫസ്റ്റ് ഗ്രേഡ് ഓവർസീയർ	..	250
സെക്കന്റ് ഗ്രേഡ് ഓവർസീയർ	..	250
തേർഡ് ഗ്രേഡ് ഓവർസീയർ	..	640
എൽ. ഡി. ക്ലാർക്ക്	..	150
യു. ഡി. ക്ലാർക്ക്	..	150
ശിപായി	..	150
ആകെ	..	1857

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. ഡിജേഷിന് ആശ്രിത നിയമനം നൽകുന്നതിന് നടപടി

74 [T3217] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ജോലിചെയ്തിരുന്ന തൃശ്ശൂർ താലൂക്കിൽ ഊരകം വില്ലേജിൽ എട്ടുമുന സ്വദേശിയായ വാളക്കടവിൽ രാധാകൃഷ്ണന്റെ മരണത്തെതുടർന്ന് ആശ്രിതനിയമനവ്യവസ്ഥ പ്രകാരം മകൻ ഡിജേഷിന് ജോലി ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ഫയൽ ഇ. 23644/2001 എ6-32805/02 തീയതി 24-3-2003 എന്നിവയിൽ ഉണ്ടായിട്ടുള്ള തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) തൃശ്ശൂർ ജില്ലയിൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ നിരവധി ഒഴിവുകൾ നിലവിലുള്ള സാഹചര്യത്തിൽ ശ്രീ. ഡിജേഷിന് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ശ്രീ. ഡിജേഷിന്റെ ആശ്രിത നിയമനത്തിനുള്ള അപേക്ഷയിൻമേൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് 25-3-2003-ലെ എ6-38205/2002/ഡി.ഡിസ് കത്ത് മുഖേന സർക്കാരിന് ലഭിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത റിപ്പോർട്ടിനോടൊപ്പം ശ്രീ. ഡിജേഷിന്റെ ആശ്രിത നിയമനത്തിനുള്ള അസ്സൽ അപേക്ഷ [അനുബന്ധം (എ) യും (ബി)] യും ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിരുന്നത് തിരികെ കിട്ടിയില്ല.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly